# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 767 — 16/07/2014-ൽ മറുപടിക്ക്

### ആദിവാസികൾ സ്വയം ഭൂമി കണ്ടെത്തുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ് :<br>ശ്രീ. കെ. രാധാകൃഷ്ണൻ :<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):<br>ശ്രീ. എസ്. രാജേന്ദ്രൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് അവരവർ തന്നെ ഭൂമി കണ്ടെത്തുന്നതിന് 10 ലക്ഷം രൂപ നൽകുമെന്നുള്ള പദ്ധതി വൻ അഴിമതിക്ക് കളമൊരുക്കും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി | എങ്കിൽ ഇക്കാര്യത്തിലുള്ള നയം വ്യക്തമാക്കാമോ; | ബി | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് അവരുടെ വാസസ്ഥലത്തിനടുത്ത് സൗകര്യപ്രദമായ നിലയിൽ വാസയോഗ്യവും, ജലലഭ്യതയുള്ളതും, കൃഷിയോഗ്യവുമായ ഭൂമി കണ്ടെത്തി വാങ്ങി നൽകുന്നതിനുള്ള പദ്ധതിയാണ് 03.09.2013 ലെ. സ.ഉ. (എം.എസ്) നം. 68/2013/പജപവവിവ, 23.10.2013 ലെ സ.ഉ. (എം.എസ്) നം. 84/13/പജപവവിവ എന്നിവ പ്രകാരം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാരെ ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിനായി 2001-ൽ ആരംഭിച്ച ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വിവിധ ഘട്ടങ്ങളിലായി ലഭ്യമായ റവന്യൂ ഭൂമിയും നിയമതടസ്സങ്ങളില്ലാത്ത മറ്റ് സർക്കാർ വകുപ്പ്/സർക്കാർ ഏജൻസികളുടെ പക്കൽ നിന്ന് ലഭ്യമായ ഭൂമിയും വിതരണം നടത്തിക്കഴിഞ്ഞു. ഇപ്രകാരം 7028 കുടുംബങ്ങൾക്ക് ആകെ 9157.94 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പുനരധിവാസത്തിന്റെ അടുത്ത ഘട്ടമെന്ന |

| | | | |
|---|---|---|---|
| | | | നിലയിൽ സ്വകാര്യ ഭൂമി ഫാസ്റ്റ് ട്രാക്ക് പ്രൊസീഡിയർ പ്രകാരം ഏറ്റെടുക്കാൻ സർക്കാർ ശ്രമം നടത്തിയെങ്കിലും അനുയോജ്യമായ സ്വകാര്യ ഭൂമി ഒന്നിച്ച് കണ്ടെത്താൻ കഴിയാത്ത സ്ഥിതിയാണുണ്ടായിരുന്നത്. ഈ സാഹചര്യത്തിലാണ് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും കൃഷിയോഗ്യവും, ജലലഭ്യതയുള്ളതും, വാസയോഗ്യവുമായ സ്വകാര്യ ഭൂമി സ്വന്തം താല്പര്യപ്രകാരം കണ്ടെത്തി വിലയ്ക്കുവാങ്ങി നൽകുന്നതിന് ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന പുതിയ പദ്ധതി ആവിഷ്കരിച്ചത്. |
| സി | ഭൂമി ലഭ്യമാക്കുന്നതിന് അവരവർ തന്നെ ഭൂമി കണ്ടെത്തണമെന്ന നിർദ്ദേശം, പദ്ധതി പ്രഖ്യാപനത്തിൽ തന്നെ ഒതുങ്ങുമെന്നുള്ള പ്രസ്തുത മേഖലയിലുള്ളവരുടെ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ? | സി | അത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രമല്ല, ഈ പദ്ധതിയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തികവർഷം പദ്ധതി ആരംഭിച്ചതു മുതൽ നാളിതുവരെ സംസ്ഥാനത്ത് 139 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 49.687 ഏക്കർ ഭൂമി ഈ പദ്ധതി പ്രകാരം വാങ്ങി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ